Mr. I. N. Menon.—A certain number of sure cards and chance cards were issued and if those who received these cards had all of them turned up, there would have been no vacant seats. Some got admission elsewhere and they did not come here.

Mr. Joseph Pettah.—Was there not a waiting list of people to be admitted if the sure cards did not turn up?

Mr. I. N. Menon.—Those are the chance cards.

Mr. Paul Mampilli.—Did not the authorities anticipate this contingency?

Mr. I. N. Menon.—Considering the rush in past years such a contingency could not have been anticipated.

Mr. E. Ikkanda Warriar.—Were these seven admitted from the waiting list, selected in the order of merit?

Mr. I. N. Menon.—The list was of people who had chance cards and when they did not turn up, there was a certain number of vacant seats to which these were admitted because there were no other applicants.

Mr. E. Ikkanda Warriar.—How can they turn up if they were not informed of the vacancies?

Mr. I. N. Menon.—The information I gathered from the Principal is that he had information that those people were admitted elsewhere.

Mr. E. Ikkanda Warriar.—May I know the names of these persons?

Mr. I. N. Menon.—I want notice.

Mr. Joseph Pettah.—May I know how many were of these waiting list with chance cards?

Mr. I. N. Menon.—I want notice.

പൊയ്യ വില്ലേജ് മാസപ്പടി പക്കൽനിന്നും പണം തട്ടിപ്പറിച്ചത്.

118 മിസ്റ്റർ. ടി. കെ. നായർ.—താഴെ ചോദ്യത്തിന് ഗവ മെണ്ട് ദയവായി മറുപടി പറയുമോ?

(എ) മുകുന്ദപുരം താലൂക്ക് പൊയ്യ വില്ലേജ് മാസപ്പടി നാരായണൻനായരുടെ കയ്യിൽ ഉണ്ടായിരുന്ന സക്കാർ പണം തട്ടിപ്പറിച്ചു കൊണ്ടുപോയതായി ആക്ഷേപിയ്ക്കുകയുണ്ടായോ;

(ബ) ഉണ്ടെങ്കിൽ തട്ടിപ്പറിച്ചത് ആരാണെന്നാണ് ആക്ഷേപം;

(സ) ഇതിനെപ്പറ്റി അന്വേഷണം നടത്തുകയുണ്ടായോ;

(ര) ആക്ഷേപം ശരിയാണോ;

(ഭ) ആരാണ് അന്വേഷിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ന) അന്വേഷിച്ച റിപ്പോർട്ട് സമർപ്പിച്ചതു് മേശപ്പുറത്തു വയ്ക്കാമോ;

(ഒ) അവസാന തീർപ്പു് എന്താണു്?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—(എ) ഉവ്വു്.

(ഫ) അമ്പൂക്കൻ ലോനപ്പൻ കുഞ്ഞുവറിയത് (പൊയ്യസ്സ്യം മാസ്റ്റർ).

(ബ) ഉവ്വു്, മാസപ്പടി നാരായണൻ നായരുടെ ഒരു സ്റ്റേറ്റുമെണ്ടു് ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് കോടതി ക ക ം ൬-ൽ ൯൩൩-ാം നമ്പ്രായി അയച്ചു കിട്ടിയതു് അന്വേഷിയ്ക്കുകയുണ്ടായി.

(ഭ) മുഴുവനും ശരിയല്ല.

(മ) കൊടുങ്ങല്ലൂർ ഇൻസ്പെക്ടരും കൂടി ഔട്ടുപോസ്റ്റു് ഇൻചാർജ്ജും.

(യ) അന്വേഷണവിവരം റിപ്പോർട്ടു് ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് കോട്ടിലേയ്ക്കു് അയച്ചു. (R. 933 of 1107 of the District Magistrate's Court).

(ര) ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്റെ കല്പനപ്രകാരം കൊടുങ്ങല്ലൂർ ഇൻസ്പെക്ടർ ടി കുഞ്ഞുവറിയതിനെ താക്കീതു് ചെയ്തിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—സബ്ജക്ടു് വിഷൻ നമ്പ്ര ർ—മുഴുവനും ശരിയല്ല—എന്നു പറഞ്ഞിരിക്കുന്നു. ഏതെല്ലാമാണു് ശരി എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—ഒരു രൂപാ തട്ടിപ്പറിച്ചതായി പറയുന്നതു ശരിയല്ല.

മിസ്റ്റർ. ടി. കെ. നായർ.—പിന്നെ എന്താണുണ്ടായതു്?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—തട്ടിപ്പറിയല്ല ഉണ്ടായതു്. കടം മേടിച്ചിട്ടുണ്ടായിരുന്നു. കയ്യിൽ പണം കണ്ടപ്പോൾ പിടിച്ചു. സക്കാർ പണമാണു്. അതുകൊണ്ടു് കൊണ്ടുപോയ്ക്കൊള്ളുവാൻ പറഞ്ഞു. ഇതാണുണ്ടായതു്.

മിസ്റ്റർ. ടി. കെ. നായർ.—അന്വേഷണം നടത്തി റിപ്പോർട്ടു് ചെയ്തിട്ടുള്ളതും ആ വിധത്തിൽ തന്നെ ആയിരിയ്ക്കാം. ആ റിപ്പോർട്ടു് മേശപ്പുറത്തു വയ്ക്കാമോ എന്നു ചോദിച്ചതിനു് അതു ഡിസ്ട്രിക്ടു് കോട്ടിലാണെന്നാണു് മറുപടി. ഇതറിവാൻ ഞങ്ങൾ ഡിസ്ട്രിക്ടു് കോട്ടിലേക്കു പോകണമെന്നാണോ പറയുന്നതു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ആ റിപ്പോർട്ടു് ഇവിടെ ഇല്ല. അതിവിടെ വയ്ക്കാൻ സാധിക്കയില്ല എന്നു പറഞ്ഞിട്ടുള്ളു.

മിസ്റ്റർ. ടി. കെ നായർ—അതില്ലെങ്കിൽ, ഡിസ്ട്രിക്ടു് കോട്ടിലേക്കു റിപ്പോർട്ടയക്കുമ്പോൾ ഓരോ കാപ്പി എടുത്തു വച്ചിട്ടുണ്ടായിരിയ്ക്കയില്ലേ, അതെങ്കിലും ഇവിടെ വയ്ക്കരുതോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. പി. നീലകണ്ഠമേനോൻ --കോടതിയിലേയ്ക്കയക്കുന്ന റിപ്പോർട്ടുകളുടെ കോപ്പി എടുത്തു വയ്ക്കാറില്ല.

മിസ്റ്റർ. ടി. കെ. നായർ.—പോലീസിൽ അതിനെ സംബന്ധിച്ചു വല്ല റിക്കാർഡും ഇപ്പോഴുണ്ടോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.-- അങ്ങിനെ പകർപ്പു വയ്ക്കാറ പതിവില്ല.

മിസ്റ്റർ. ടി. കെ. നായർ.—ലോകമായി പള്ളരുകളി നടത്തിയതിനു് ഡിസ്മിക്കു് മജിസ്ട്രേട്ടു് എന്തിനാണു് താക്കീതു ചെയ്തതെന്നറിഞ്ഞാൽ കൊള്ളാം

മിസ്റ്റർ. പി. നീലകണ്ഠമേനോൻ —അതു മജിസ്ട്രേട്ടിന്റെ യുക്തം.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ.—ഇതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട റവന്യൂ മെമ്പർതന്നെ കീഴുദ്യോഗസ്ഥന്മാർ ചെയ്യുന്ന അഴിമതികളെപ്പറ്റി അന്വേഷണം നടത്തണമെന്നു് പോലീസു് കമ്മീഷണർക്കു് എഴുതി അയച്ചിട്ടുണ്ടോ?

റാവു സാഹിബ്ബു് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.--ഡിസ്മിക്കു് മജിസ്ട്രേട്ടിനു എഴുതി അയച്ചിട്ടുണ്ടു്.

മിസ്റ്റർ. ടി. കെ. നായർ.—ബഹുമാനപ്പെട്ട റവന്യൂ മെമ്പർ തന്നെ ഡിസ്മിക്കു് മജിസ്ട്രേട്ടിനു എഴുതി അയച്ചിട്ടുള്ള സ്ഥിതിക്കു് ഇതു് ഒരു പള്ളരുകളി തന്നെയാണോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ്ബു് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—ഏയ്, അതൊന്നുമല്ല. മാസപ്പടി വന്നുപറഞ്ഞു. അപ്പോൾ എഴുതി അയച്ചു എന്നേയുള്ളു.

മിസ്റ്റർ. ടി. കെ. നായർ.—അപ്പോൾ അതിനെപ്പറ്റി ശരിയായ അന്വേഷണം നടത്തിയിട്ടില്ലായിരിയ്ക്കും.

മിസ്റ്റർ. പി. നീലകണ്ഠമേനോൻ—അങ്ങിനെയല്ല സംഗതി. കേസു നടന്നു എന്നറിഞ്ഞപ്പോൾ അതിനെപ്പറ്റി എഴുത്തുകുത്തും അന്വേഷണവുമായി-അന്വേഷണം കഴിഞ്ഞപ്പോഴാണു് അതു സാരമില്ലാത്ത സംഗതിയാണെന്നു തെളിഞ്ഞതു്.

മിസ്റ്റർ. ടി. കെ. നായർ —പക്ഷെ നിങ്ങളുടെ റിപ്പോർട്ടിലെ വിവരം ഞങ്ങൾക്കു് അറിവാൻ തരമില്ലാതെയല്ലേ ഇരിക്കുന്നതു?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—അതു് കോടതി റിക്കാർഡായിപ്പോയി. പിന്നെ അതിവിടെ വയ്ക്കാൻ തരമില്ല.

മിസ്റ്റർ. കെ. അയ്യപ്പൻ.—ഈ മാസപ്പടി പറയുന്നതുകേട്ടു് അന്വേഷിയ്ക്കാതെയാണോ റിപ്പോർട്ടു് ചെയ്തതു്? റവന്യൂ മെമ്പർ അതിന്റെ പുണ്ണ്യവിവരങ്ങൾ അന്വേഷിക്കാതേയും ആലോചിക്കാതേയുമാണോ റിപ്പോർട്ടു് അയച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—അങ്ങനെയല്ല. തഹശീൽദാരുടെ അനേഷണമനുസരിച്ച് Prima faci എന്നു പറയില്ലേ? അതുപോലെ റിപ്പോർട്ട് ചെയ്യു.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—അനേഷണം നടത്തിയ ഇൻസ്പെക്ടർ ആരായിരുന്നു?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—മിസ്റ്റർ പാപ്പാളി.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—അയാൾ എവിടത്തെ ഇൻസ്പെക്ടരാണ്?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—കൊടുങ്ങല്ലൂർ.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—അയാൾ എങ്ങിനെയാണ് താക്കീതു ചെയ്തതു?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—അതിനു നോട്ടീസ് വേണം.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—ഇൻസ്പെക്ടരോ ഡിസ്ട്രിക്ട് മജിസ്ട്രേട്ടോ താക്കീതു ചെയ്തതു?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—മജിസ്ട്രേട്ട് ഇൻസ്പെക്ടർ മുഖാന്തരം താക്കീതു ചെയ്തു.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—ഇൻസ്പെക്ടർ അയാളെ വരുത്തി താക്കീതു ചെയ്തുവോ. അതല്ല അയാളുടെ വീട്ടിൽ പോയി താക്കീതു ചെയ്തുവോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—നോട്ടീസ് വേണം.

മിസ്റ്റർ. ജോജ്ജ് ചാക്കാമുറി.—ഇതിൽ കൂടുതൽ തെളിവു എടുത്തിട്ടുണ്ടോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—നോട്ടീസ് വേണം.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ.—രണ്ടാളുടേയും അനേഷണ ഫലം ഒന്നാണോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—ഒന്നുതന്നെയാണ്.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ.—ഇൻചാർജ്ജിന്റെ അനേഷണത്തിൽ നിന്നും സംഭവം നടന്ന വിവരം ശരിയായി അറിയുവാൻ സാധിയ്ക്കുമോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—സാധിയ്ക്കുകയില്ല. നോട്ടീസ് വേണം.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ.—ഇൻചാർജ്ജയച്ച റിപ്പോർട്ടും രണ്ടുപ്പേരിന്റെ കൈവശമുണ്ടോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—അതും കോടതിക്കു് അയച്ചിരിക്കുകയാണ്.

മിസ്റ്റർ. പി. കുമാരനെഴുത്തച്ഛൻ.—ഇൻചാർജ്ജ് ആരായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.— കുഞ്ഞുണ്ണിനായർ.

മിസ്റ്റർ. കുമാരനെഴത്തച്ഛൻ.—കൊടുങ്ങല്ലൂർ ഇൻസ്പെക്ടർ അതാണ്?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—പാപ്പാളി.

മിസ്റ്റർ. എം. എ. ചാക്കൊ.—പോലീസ് അന്വേഷണം തൃപ്തികരമായോ?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—ഉവ്വ്.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—ഈ തട്ടിപ്പറി കേസ് ആർ. നമ്പർ ആക്കാൻ കാരണമെന്തു?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—അന്വേഷിച്ചിട്ട് അങ്ങിനെ മതിയെന്നുവച്ചു.

മിസ്റ്റർ. എം. കൃഷ്ണമേനോൻ.—സാധാരണ ഇതാണോ പതിവു?

മിസ്റ്റർ. പി. നീലകണ്ഠമേനോൻ.—സാധാരണ അങ്ങിനെയല്ല.

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ.—ബഹുമാനപ്പെട്ട റവന്യൂ മെമ്പർ അധികാരസ്ഥാനത്തേക്ക് എഴുതിയതിനു എന്തു മറുപടി കിട്ടി?

റാവു സാഹിബു. മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—കുഞ്ഞുവറുതെ താക്കീതു ചെയ്തു എന്നു മറുപടി കിട്ടി.

മിസ്റ്റർ. പി. കുമാരനെഴത്തച്ഛൻ.—റവന്യൂ മെമ്പർ അതുകൊണ്ടു തൃപ്തിപ്പെട്ടുവോ?

റാവു സാഹിബു മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—ഇതിൽ കൂടുതലായി ഒന്നും വേണമെന്നു തോന്നുന്നില്ല.

മിസ്റ്റർ. ജോസഫ് ചാക്കാമറി.—അതു കത്തു എന്നാണ് കാട്ടിയതു?

റാവു സാഹിബു മിസ്റ്റർ. ടി വി. കസ്തൂരിരങ്കയ്യർ.—അതെല്ലാ. ആ ഫയലോടു ചേർത്തു പശുക്കണ്ടു റിക്കാട്ടാക്കിയിട്ടുണ്ടു.

മിസ്റ്റർ. ടി. കെ. നായർ.—റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമോ എന്നുള്ള ചോദ്യം പശുക്കണ്ടിനോടാണോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—പശുക്കണ്ടിനോടു തന്നെയാണ്.

മിസ്റ്റർ. ടി. കെ. നായർ.—എന്നാൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോട്ടയിലിരിക്കുന്ന ഒരു റിക്കാട്ടു ഈ മേശപ്പുറത്തുവയ്ക്കുവാൻ സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബു മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—കോടതി റിക്കാട്ടാക്കിയാൽ പിന്നെ അതു വക്കാറില്ല. വയ്ക്കാൻ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. ടി. കെ. നായർ.—പിന്നെ എന്തുകൊണ്ടാണ് വ
ക്കാത്തതു്?

റാവു് സാഹിബ്ബു് മിസ്റ്റർ. ടി വി. കസ്തൂരിരങ്കയ്യർ.—ഇപ്പോഴാ
വച്ചിട്ടില്ലല്ലൊ. ഉണ്ടെങ്കിൽ ഈ ചോദ്യമുണ്ടാവില്ലായിരുന്നു. അ
വശ്യമുണ്ടെന്നു തോന്നുമ്പോൾ ഒരപേക്ഷ കൊടുത്താൽ വക്കുകയും ചെ
യ്യാം.

മിസ്റ്റർ. ടി. കെ. നായർ.—ഇപ്പോഴത്തെ അപേക്ഷ പോരാ
ഞ്ഞിട്ടു് ഇനി രണ്ടാമതും ഒരപേക്ഷയൊ?

റാവു് സാഹിബ്ബു് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—അതല്ല.
ഇപ്പോഴെനിങ്ങളുടെ ചോദ്യം ശരിക്കു മനസിലായുള്ളു. അതു
കൊണ്ടു വേണമെങ്കിൽ അതു് വക്കാൻ വിരോധമൊന്നുമില്ല.

മിസ്റ്റർ. സി. എ. ഔസേപ്പു്.—മാസപ്പടി റിപ്പോർട്ട് ചെയ്യ
ലു് തട്ടിപ്പറിച്ചു എന്നല്ലേ?

റാവു് സാഹിബ്ബു് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.—കടലാ
സു നോക്കാതെ പറയാൻ സാധിക്കയില്ല. ഒന്നും ഓർമ്മ നില്ക്കാതെ
ആയിത്തുടങ്ങി.

Transfer of the Poomangalam Panchayat Vaidyan.

119. Mr. T. A. Ramachandra Ayyar.—Will the Government be pleased to state whether their attention was drawn to the article സ്വാധികാരപ്രമത്തതയോ in the Mahathi newspaper of 19th Mithunam 1107;

(b) (i) what was the resolution of the Poomangalam Panchayat about the Panchayat Vaidyan referred to in the article;

(ii) what are the orders of the Registrar in the matter;

(iii) what were the petitions and telegrams received by Government about this matter from the public;

(iv) has the Panchayat refused to function, and was a resolution passed to the same effect?

Mr. P. V. Raphael.—(a) Yes.

(b) (i) The resolutions are appended. (*Appendix II.*)

(ii) The orders are appended. (*Appendix III.*)

(iii) Copies of the petitions received are appended. (*Appendix IV.*)

(iv) The Panchayat has passed a resolution postponing Panchayat meetings till the matter is finally disposed of.

Mr T. A. Ramachandra Ayyar.—Is the Panchayat functioning now?

Mr. P. V. Raphael.—The term of the Panchayatdars has expired and they are not functioning now.

LIBRARY ARCHIVES Kerala Legislative Assembly